# കാലാവസ്ഥാ മുന്നറിയിപ്പും കാർഷിക നിർദ്ദേശങ്ങളും

## കാസറഗോഡ് ജില്ല

**(പ്രാബല്യം: 20.04.2022 മുതൽ 24.04.2022 വരെ)**

# കാലാവസ്ഥാ മുന്നറിയിപ്പും കാർഷിക നിർദ്ദേശങ്ങളും

(പ്രാബല്യം: : **20.04.2022** മുതൽ **24.04.2022** വരെ)

# കാസറഗോഡ് ജില്ല

കേരള കാർഷിക സർവ്വകലാശാല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം പിലിക്കോട്-ഉം ഇന്ത്യ കാലാവസ്ഥാ വകുപ്പും സംയുക്തമായി പുറത്തിറക്കുന്നത്

| ബുള്ളറ്റിൻ നമ്പർ: പിലിക്കോട്/ കെ.എസ്.ഡി.31/2022 | തീയ്യതി: 19/04/2022 |
|---|---|

## എ. പിന്നിട് നാല് ദിവസത്തെ കാലാവസ്ഥ

| മഴ, മി.മീ | കൂടിയ താപനില, °C | കുറഞ്ഞ താപനില, °C | ആപേക്ഷിക ആർദ്രത, % | കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ |
|---|---|---|---|---|
| 82.5 | 32-35 | 24.5-26.5 | 77-94 | 0.0-4.0 |

## ബി. വരുന്ന അഞ്ച് ദിവസങ്ങളിലേക്കുള്ള കാലാവസ്ഥാ മുന്നറിയിപ്പ്

| സൂചിക | 20-04-2022 | 21-04-2022 | 22-04-2022 | 23-04-2022 | 24-04-2022 |
|---|---|---|---|---|---|
| മഴ, മി.മീ | 2 | 1 | 0 | 0 | 0 |
| കൂടിയ താപനില, °C | 35 | 35 | 35 | 35 | 35 |
| കുറഞ്ഞ താപനില, °C | 26 | 26 | 26 | 26 | 26 |
| കൂടിയ ആപേക്ഷിക ആർദ്രത, % | 77 | 77 | 77 | 77 | 77 |
| കുറഞ്ഞ ആപേക്ഷിക ആർദ്രത, % | 60 | 60 | 60 | 60 | 60 |
| കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ | 6 | 6 | 6 | 6 | 6 |
| കാറ്റിന്റെ ദിശ, ഡിഗ്രി | 250 | 250 | 250 | 250 | 250 |
| മേഘ വിന്യാസം, ഒക്ടാ | 4 | 5 | 4 | 4 | 4 |

## സി. കാർഷിക നിർദ്ദേശങ്ങൾ

| വിള | ഘട്ടം | പ്രശ്നങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|---|
| **പൊതു നിർദ്ദേശങ്ങൾ** | **അങ്ങിങ്ങായി ഒറ്റപ്പെട്ട മഴയും , ഇടിയും, മിന്നലിനും സാധ്യത.** | | |
| | ഉയർന്ന ഊഷ്മാവും അന്തരീക്ഷ ആർദ്രതയും അനുഭവപ്പെടും. ആകാശം തെളിഞ്ഞതോ ഭാഗീകമായി മേഘാവൃതമോ പൂർണ്ണമായും മേഘാവൃതമോ ആയിരിക്കും.<br>പകൽ 12 മണിയ്ക്കും 3 മണിയ്ക്കും ഇടയിൽ കാർഷിക വൃത്തികൾ ഒഴിവാക്കുക.<br>അങ്ങിങ്ങായി ഒറ്റപ്പെട്ട മഴകൾ ലഭിക്കാൻ സാധ്യതയുണ്ട്. | | |

| | | |
|---|---|---|
| **<u>പൊതു നിർദ്ദേശങ്ങൾ</u>** | ഒറ്റപ്പെട്ട മഴ: വിത്ത്, റബ്ബർ, കശുവണ്ടി, മഞ്ഞൾ, കൊപ്ര ഉല്പന്നങ്ങൾ ശ്രദ്ധാപൂർവം വെയിലത്തിട്ടുണക്കുക. വിളഞ്ഞു നിൽക്കുന്ന പാടങ്ങൾ എത്രയും വേഗം കൊയ്തൊഴിയുക, കൊയ്തെടുത്ത കറ്റകൾ വയലിൽ തന്നെ കൂട്ടിയിടരുത്.<br><br>മൃദു കാണ്ഡ വിളകളായ വാഴ, പച്ചക്കറികൾ, താങ്ങുകൾ ആവശ്യമുള്ള കിഴങ്ങുവർഗ്ഗങ്ങൾ എന്നിവയ്ക്ക് ശക്തമായ താങ്ങുകൾ നൽകുക.<br><br>**അവശ്യ ഘട്ടങ്ങളിൽ നീർ വാർച്ച എളുപ്പമാക്കുന്നതിന് ജല നിർഗമന ചാലുകളിലെ അനാവശ്യ തടസ്സങ്ങൾ നീക്കം ചെയ്യുക.**<br><br>**വളം, വിത്ത്, കാലിത്തീറ്റകൾ എന്നിവ ഈർപ്പം തട്ടാത്തതും കീടങ്ങൾ ഇല്ലാത്തതുമായ മുറികളിൽ ഉയർത്തികെട്ടി പലക പാകിയ പ്രതലങ്ങളിൽ മേൽ സൂക്ഷിക്കുക.**<br><br>ചുരുങ്ങിയ സമയം കൊണ്ട് പെയ്തൊഴിയുന്ന വേനൽ മഴകൾ പൊതുവെ ധാരാളം വെള്ളം ഉൾക്കൊള്ളുന്നവയായിരിക്കും. ഇവ മണ്ണിൽ സംഭരിക്കാൻ കഴിഞ്ഞാൽ വരൾച്ചയെ ചെറുക്കൻ വളരെയധികം സഹായകമാകും. മഴക്കുഴികളിൽ തൂർന്നു പോയവ വീണ്ടെടുക്കുക.<br><br>വിളകളുടെ തടത്തിൽ കരിയിലകൾ ഉപയോഗിച്ച് പുതയിടുക.<br><br>വൃക്ഷ വിളകൾക്ക് വളം ചേർത്തതിന് ശേഷം മുഴുവനായും മൂടാത്ത തടങ്ങൾ നല്ല ജലസംഭരണികൾ കൂടിയാണ്. പറമ്പിൽ ഒലിച്ചു പോകുന്ന വെള്ളം ചാലുകൾ എടുത്തു ഇതിലേക്ക് തിരിച്ചു വിടുന്നത് നന്നായിരിക്കും.<br><br>മൂന്നാം വിള തരിശിട്ടിരിക്കുന്ന പാടങ്ങളിൽ പച്ചിലവള വിത്തുകൾ (ഡെയ്ഞ്ച, ചണമ്പ് മുതലായവ) വിതറാം. ഇവ മണ്ണിലെ വളക്കൂറു വർധിപ്പിക്കുന്നതിനൊപ്പം കളകളെ നിയന്ത്രിക്കാൻ സഹായകരമാവുകയും ചെയ്യും 45 ദിവസം വളർച്ചയെത്തുമ്പോൾ, പുഷ്പിക്കുന്നതിനു മുൻപേ തന്നെ, ഈർപ്പമുള്ള മണ്ണാണെകിൽ അതിലേക്ക് ഉഴുതു ചേർക്കുക. അല്ലായെങ്കിൽ അറുത്തെടുത്തു കമ്പോസ്റ്റ് ആക്കുക<br><br>അന്തരീക്ഷ ഊഷ്മാവ് കൂടുതലുള്ള ദിവസങ്ങളിൽ പകൽ 12 മണിയ്ക്കും 3 മണിയ്ക്കും ഇടയിൽ കാർഷിക വൃത്തികൾ ഒഴിവാക്കുക | |
| നെല്ല്: മുണ്ടകൻ (വിള വൈകി നട്ടയിടങ്ങൾ ) | കൊയ്ത്ത് | വിളഞ്ഞു നിൽക്കുന്ന പാടങ്ങൾ എത്രയും വേഗം കൊയ്തൊഴിയുക, കൊയ്തെടുത്ത കറ്റകൾ വയലിൽ തന്നെ കൂട്ടിയിടരുത്. വെയിലത്തിട്ടുണക്കുന്നതു ജാഗ്രതയോടെ വേണം. |
| നെല്ല്: വിരുപ്പൂ (ഒന്നാം വിള) | നിലമൊരുക്കൽ | മഴ ലഭിക്കുമെന്ന് പ്രവചിച്ചിരിക്കുന്ന സാഹചര്യത്തിൽ പൊടി വിത അവലംബിക്കുന്നവർ പാടം ഒരുക്കുന്നതിനുള്ള ഒരുക്കങ്ങൾ ആരംഭിക്കുക.<br><br>കാലവർഷം തുടങ്ങുമ്പോൾ ഞാറു പറിച്ചു നടന്ന പാടങ്ങളിൽ ഇപ്പോൾ പച്ചിലവള വിത്തുകൾ (ഡെയ് ഞ്ച, ചണമ്പ് മുതലായവ) വിതറാം. ഇവ മണ്ണിലെ വളക്കൂറു വർധിപ്പിക്കുന്നതിനൊപ്പം കളകളെ നിയന്ത്രിക്കാൻ സഹായകരമാവുകയും ചെയ്യും 45 ദിവസം വളർച്ചയെത്തുമ്പോൾ, പുഷ്പിക്കുന്നതിനു മുൻപേ തന്നെ, ഈർപ്പമുള്ള മണ്ണാണെകിൽ അതിലേക്ക് ഉഴുതു ചേർക്കുക. അല്ലായെങ്കിൽ അറുത്തെടുത്തു കമ്പോസ്റ്റ് ആക്കുക. |
| കുരുമുളക് | കായ്ക്കുന്ന ഘട്ടം | കനത്ത മഴകളിൽ പൂമ്പൊടി വേഗം ഒലിച്ചിറങ്ങുന്നതിനാൽ തിരികളിൽ തുല്യമായി പരാഗണം നടക്കാതെ വരും. ആയതിനാൽ, തുല്യമായ പരാഗണം സഹായിക്കാൻ മഴയില്ലാത്ത ഇടവേളകളിൽ ശക്തി കുറച്ച് തിരികളിൽ വെള്ളം തളിച്ച് കൊടുക്കുക. |

| | | | |
|---|---|---|---|
| തെങ്ങ് | വിവിധ ഘട്ടം | കൊമ്പൻ ചെല്ലി<br><br>ഉയരം കുറഞ്ഞ തെങ്ങുകൾ പൊതുവെ കൂടുതൽ ആക്രമണ വിധേയരാണ് | തെങ്ങിന്റെ അഗ്രഭാഗത്തുനിന്നും ചെല്ലിക്കോൽ ഉപയോഗിച്ച് വണ്ടുകളെ കുത്തിയെടുത്ത് നശിപ്പിക്കുക. ബോർഡോ കുഴമ്പ് കൊണ്ട് വണ്ടുകൾ തുരന്ന ദ്വാരം നിറക്കുന്നത് മുറിവിൽ കൂടി ഉണ്ടായേക്കാവുന്ന പൂപ്പൽ ബാധയെ തടയാൻ സഹായിക്കും.<br><br>ഉപയോഗ സൂന്യമായ മീൻ വലകൾ ഒരു മീറ്റർ നീളത്തിലും അര മീറ്റർ വീതിയിലും മുറിച്ചെടുത്തു തെങ്ങിൻറെ മൂന്നാമത്തെയും നാലാമത്തെയും ഒലക്കവിളുകളിൽ വിരിച്ചു നടുഭാഗത്തു ചെറുകല്ലുകൾ വച്ച് ഉൾഭാഗത്തേക്കു തള്ളി അമർത്തി വെക്കുക. ഓലത്തണ്ടിന്റെ രണ്ടു ഭാഗത്തേക്കും പുറത്തേക്കു തൂങ്ങി നിൽക്കുന്ന വലയുടെ വശങ്ങൾ നന്നായി വിടർന്നിരിക്കണം. പാറിവരുന്ന വണ്ടുകൾ കാലുകൾ വലയിൽ കുടുങ്ങി സഞ്ചരിക്കാൻ പറ്റാതെ നശിച്ചു പോകും, പുതു ഓലകൾ വിടരുന്നതിനനുസരിച് വല മുകളിലോട്ട് മാറ്റി മാറ്റി വെക്കുവാൻ ശ്രദ്ധിക്കുക. |
| തെങ്ങ് | വിവിധ ഘട്ടം | കൂമ്പ്ചീയൽ<br> | വൃത്തിയാക്കിയ ശേഷം മുൻകരുതലായി ഓരോ തെങ്ങിന്റെയും കൂമ്പിനു ചുറ്റും കവിളിൽ ട്രൈക്കോഡെർമ കെയ്ക്ക് നിക്ഷേപിക്കുക.<br><br>അല്ലെങ്കിൽ<br>മാങ്കോസേബ് നിറച്ച, സുഷിരങ്ങൾ ഇട്ട ചെറു പോളിത്തീൻ പാക്കറ്റുകൾ (2 ഗ്രാം ) തയ്യാറാക്കുക. തെങ്ങിന്റെ മണ്ട വൃത്തിയാക്കിയ ശേഷം,. മുൻകരുതലായി, ഇങ്ങനെയുള്ള മൂന്നു പാക്കറ്റ് വീതം ഓരോ തെങ്ങിന്റെയും കൂമ്പിനു ചുറ്റും കവിളിൽ വയ്ക്കുക.<br><br>അല്ലെങ്കിൽ<br>തെങ്ങിന്റെ മണ്ടയിലും, കൂമ്പിലും, മുൻകരുതലായി, 1% വീര്യമുള്ള ബോർഡോ മിശ്രിതം തളിക്കുക. 1% വീര്യമുള്ള ബോർഡോ മിശ്രിതം തളിക്കുക. |
| കവുങ്ങ് | കായ്ക്കുന്ന ഘട്ടം | മഹാളി | ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതം കുലകളിലും ഇലകളിലും തളിച്ച് കൊടുക്കുക. |

| | | | |
|---|---|---|---|
| കുരുമുളക് | വിവിധ ഘട്ടം | ചീച്ചൽ രോഗം   | മുൻകരുതലായി ട്രൈക്കോഡർമ സമ്പുഷ്ടമാക്കിയ വേപ്പിൻ പിണ്ണാക്ക്-ചാണക മിശ്രിതം 150 ഗ്രാം വീതം തടത്തിൽ വിതറി മണ്ണുമായി ചേർത്തിളക്കുക.<br><br>രോഗ ലക്ഷണങ്ങൾ കണ്ടു തുടങ്ങിയാൽ റെഡോമിൽ രണ്ടു ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി തടത്തിലെ മണ്ണ് കുതിർക്കുക.<br>ഇലകളിൽ ചീച്ചൽ കാണുകയാണെങ്കിൽ ഇതേ മിശ്രിതം ഇലകളിലും തണ്ടിലും തളിക്കുക. |
| വാഴ | വിവിധ ഘട്ടം | ഇലപ്പുള്ളി രോഗം  | രോഗം ബാധിച്ച ഇലകൾ വെട്ടി മാറ്റി തീയിട്ടു നശിപ്പിക്കുക. ടിൽറ്റ് അല്ലെങ്കിൽ കോൺടാഫ് ഇവയിലേതെങ്കിലും 2 മില്ലി. ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി തളിക്കുക |
| വാഴ | വിവിധ ഘട്ടം | തടതുരപ്പൻ വണ്ട്  | കൃഷിയിടങ്ങളിൽ ശുചിത്വം പാലിക്കുക. ബ്യൂവേറിയ ബസിയാന എന്ന മിത്ര കുമിൾ 5 , 6 , 7 മാസങ്ങളിൽ ഒരു ലിറ്ററിന് 20 ഗ്രാം എന്ന തോതിൽ കലക്കി ഓലക്കവിളുകളിൽ ഒഴിച്ച് കൊടുക്കുക.<br><br>വണ്ടിന്റെ ആക്രമണത്തെ തുടർന്നുണ്ടായ തുരന്ന ദ്വാരങ്ങളോ മഞ്ഞളിപ്പോ കാണുകയാണെങ്കിൽ ഫിപ്രോനിൽ 0.015% (ഒരു ലിറ്ററിന് 3 മില്ലി എന്ന തോതിൽ) ഓലക്കവിളുകളിൽ ഒഴിച്ച് കൊടുക്കുക. |

ഒപ്പ്/-
നോഡൽ ഓഫീസർ
ഗ്രാമീണ കൃഷി കാലാവസ്ഥ സേവ പദ്ധതി